**പതിനാലാം കേരള നിയമസഭ**
**13-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3274**

**10.12.2018 -ൽ മറുപടിയ്ക്ക്**

**ചുരം കേബിൾ കാർ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. കെ ശശീന്ദ്രൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 10.05.2018 ന് കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ചുരം കേബിൾ കാർ പദ്ധതി സംബന്ധിച്ച് യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് . | (എ) 10.05.2018ന് അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുരം കേബിൾ കാർ പദ്ധതി നടപ്പിലാക്കുമ്പോൾ ടവർ നിർമ്മിക്കേണ്ട സ്ഥലങ്ങളിൽ മുറിക്കേണ്ട മരങ്ങളുടെ എണ്ണം, ഫോറസ്റ്റ് ഏര്യ സംബന്ധിച്ച വിവരം, ടവർ ലൊക്കേഷൻ എന്നിവ അടയാളപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പ് അധികൃതരോട് നിർദ്ദേശിക്കുകയും കൂടാതെ വയനാട് ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികൾ പദ്ധതയുമായി ബന്ധപ്പെട്ട് ടെക്നിക്കൽ ടീമുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ കളക്ടർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. |
| (ബി) പ്രസ്തുത തീരുമാനങ്ങൾ പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു. | (ബി) പദ്ധതിയുമായി ബന്ധപ്പെട്ട ടെക്നിക്കൽ ടീമുമായി സംയുക്ത പരിശോധന നടത്തി പദ്ധതി റിപ്പോർട്ട് കോഴിക്കോട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുവാൻ വയനാട് ചേംബർ ഓഫ് കോമേഴ്സ് പ്രതിനിധികൾക്ക് യോഗത്തിൽ നിർദ്ദേശം നല്കിയിരുന്നു. ടി റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. |
| (സി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വരും<br>(ഡി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പിലാക്കുവനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) & (ഡി) പദ്ധതി സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

2